LIBRARY ARCHIVES Kerala Legislative Assembly

മലബാറിലെ പാചക-വാതക വിതരണം

250 (7221) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാറിൽ പാചക-വാതക വിതരണത്തിൽ പലപ്പോഴും തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചേളാരി പ്ലാന്റിൽ ജൂൺമാസത്തിൽ സിലിണ്ടർ വിതരണം സ്തംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) എന്തുകൊണ്ടാണ് അടിക്കടി സിലിണ്ടർ വിതരണം സ്തംഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ഡി) പാചക-വാതക വിതരണം അവശ്യസർവ്വീസ് നിയമത്തിൽ കൊണ്ടു വന്ന് വിതരണ നടപടികൾ ത്വരിതപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചേളാരി പ്ലാന്റിലെ പ്രവർത്തനം കയറ്റിറക്ക് കോൺട്രാക്റ്റ് തൊഴിലാളികളുടെ മെല്ലെപ്പോക്ക് നയംമൂലം 11-6-2014 മുതൽ 21-6-2014 വരെ ഭാഗികമായി തടസ്സപ്പെട്ടിട്ടുണ്ട്. കൂടാതെ ഹൗസ് കീപ്പിംഗ് കോൺട്രാക്ട് തൊഴിലാളികളുടെ സമരംമൂലം പ്ലാന്റിന്റെ പ്രവർത്തനം 23-6-2014 മുതൽ 3-7-2014 വരെ ഭാഗികമായും തടസ്സപ്പെട്ടിട്ടുണ്ട്.

(സി) കയറ്റിറക്ക് കോൺട്രാക്റ്റ് തൊഴിലാളികളുടെയും ഹൗസ് കീപ്പിംഗ് ജീവനക്കാരുടെയും ട്രക്ക് തൊഴിലാളുകളുടെയും വിതരണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെയും അടിക്കടി ഉണ്ടാകുന്ന സമരങ്ങൾ മൂലം സിലിണ്ടർ വിതരണം സ്തംഭിക്കാറുണ്ട്.

(ഡി) പാചക-വാതക വിതരണം അവശ്യസർവ്വീസ് നിയമത്തിൻ കീഴിൽ കൊണ്ടുവന്നിട്ടുണ്ട്.

അരൂർ നിയോജക മണ്ഡലത്തിലെ പാചക വാതക വിതരണം

251 (7222) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ നിയോജകമണ്ഡലത്തിൽ പാചകവാതക വിതരണം നടത്തുന്ന ഏജൻസികൾ ഏതെല്ലാമാണ് ; ഏതെല്ലാം കമ്പനികളാണ് പ്രസ്തുത ഏജൻസികൾക്ക് പാചക വാതകം വിതരണംചെയ്യുന്നത് എന്നറിയിക്കുമോ ;

(ബി) കഴിഞ്ഞ ആറ് മാസത്തിനിടയിൽ എത്ര ദിവസം ഏതൊക്കെ ഏജൻസികളിൽ കമ്പനികൾ പാചകവാതകം എത്തിക്കാതിരുന്നതുമൂലം യഥാസമയം ഉപഭോക്താക്കൾക്ക് പാചക വാതകം ലഭിക്കാതിരുന്നിട്ടുണ്ട് എന്നറിയിക്കുമോ ;

(സി) മറ്റ് ഏതെങ്കിലും കാരണത്താൽ ഉപഭോക്താക്കൾക്ക് പാചക വാതകം ലഭിക്കാതിരുന്നിട്ടുണ്ടോ ; അപ്രകാരം ലഭിക്കാതിരുന്നത് ഏതൊക്കെ ഏജൻസികളിൽ നിന്നാണ് എന്ന് വ്യക്തമാക്കുമോ ;

(ഡി) അരൂർ ഭഗവതി ഗ്യാസ് ഏജൻസിയിൽ യഥാസമയം പാചകവാതകം അലോട്ട് ചെയ്യാത്തതുകൊണ്ട് ഉപഭോക്താക്കളും പ്രസ്തുത ഏജൻസിയുമായി നിരന്തരം തർക്കങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് ആവർത്തിക്കാതിരിക്കാൻ സത്വരനടപടി സ്വീകരിക്കുമോ ;

(ഇ) കമ്പനികൾ യഥാസമയം ആവശ്യാനുസരണം പാചകവാതകം വിതരണ ഏജൻസികൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) അരൂർ നിയോജക മണ്ഡലത്തിൽ പാചക-വാതക വിതരണം നടത്തുന്ന ഏജൻസികൾ കമ്പനി തിരിച്ച് ചുവടെ ചേർക്കുന്നു :

(1) പ്രീതി ഗ്യാസ് ഏജൻസി, കുത്തിയതോട് (ബി.പി.സി.)

(2) ദേവി ഗ്യാസ് ഏജൻസി, തൈക്കാട്ടുശ്ശേരി (ബി.പി.സി.)

(3) ഭഗവതി ഗ്യാസ് ഏജൻസി, അരൂർ (ഐ.ഒ.സി.)

(ബി) കഴിഞ്ഞ ആറ് മാസത്തിനിടയിൽ ഭഗവതി ഗ്യാസ് ഏജൻസിയിൽ 29 ദിവസങ്ങളിൽ കമ്പനികളിൽനിന്നും സ്റ്റോക്ക് ലഭിക്കാത്തതുമൂലം പാചകവാതക വിതരണം മുടങ്ങിയിട്ടുണ്ട്.

(സി) പ്ലാന്റുകളിലെ തൊഴിൽ സമരംമൂലം ഏകദേശം മൂന്ന് ദിവസങ്ങളോളം ദേവി ഗ്യാസ ഏജൻസിയിലും പ്രീതി ഗ്യാസ് ഏജൻസിയിലും വിതരണം മുടങ്ങിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലഭ്യമായ സിലിണ്ടറുകൾ കൃത്യമായി വിതരണം ചെയ്യാൻ വിതരണ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നും ഉപഭോക്താക്കൾക്ക് പാചക വാതകം കൃത്യസമയത്ത് എത്തിക്കുവാൻ സത്വര നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി പാചകവാതകത്തിന്റെ ലഭ്യത കുറവ് 10 ശതമാനായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(ഇ) യഥാസമയം ആവശ്യാനുസരണം പാചകവാതകം വിതരണ ഏജൻസികൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ എണ്ണക്കമ്പനികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly